**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. ദർശൻ.എസ്, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്) - തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സഉ(സാധാ) നം. 956/2021/ആ.കു.വ തീയതി 28.04.2021
2. കുറിപ്പ് നം. ഇബി1- 15903/21/ആ.വ.ഡ തീയതി 29.04.2021

**ഉത്തരവ് നം. ഇ.എ1- 17015/2021/ആ.വ.ഡ തീയതി 29.04.2021**

ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്) തസ്തികയിൽ ജോലി നോക്കി വരവെ അനധികൃതമായി അവധിയിൽ പ്രവേശിച്ച ഡോ. ദർശൻ.എസ് നെ, അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരിക്കുന്നു.

നിലവിൽ ആരോഗ്യവകുപ്പിൽ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാൽ ഡോ. ദർശൻ.എസ് നെ പരാമർശത്തിലെ ഉത്തരവ് പ്രകാരം, **കൊല്ലം പുനലൂർ താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് (പി.എം.ആർ)** തസ്തികയിലേക്ക്, അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് കൈപ്പറ്റി 01.05.2021 തീയതിക്കകം സർവ്വീസിൽ പുന:പ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിയമന ശുപാർശ ലഭിച്ചതിനാൽ ഡോ. ദർശൻ.എസ് നെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിനു വേണ്ട നടപടി കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർ സ്വീകരിക്കേണ്ടതാണ്. ടിയാൻ സർവ്വീസ് ക്വാട്ടയിൽ പി.ജി പഠനം നടത്തിയിട്ടുള്ളതിനാൽ, സർക്കാർ സർവ്വീസിൽ നിർബന്ധിത സേവനം നടത്തേണ്ടതാണ്. പ്രസ്തുത വിവരം ടിയാന്റെ വിടുതൽ ഉത്തരവിൽ പരാമർശിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. ദർശൻ.എസ്, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്)

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കൊല്ലം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി പുനലൂർ, കൊല്ലം
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**